(സി) ഓരോ വർഷത്തേയും അവാർഡ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ഒരിക്കൽ നൽകിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവാർഡ് തുകയാണ് തിരിച്ചു പിടിച്ചത് ;

(ഇ) ഇവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മടക്കി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 1995-96 മുതൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് അവാർഡ് നൽകി വരുന്നുണ്ട്. 2000-01 മുതൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയിൽനിന്ന് മികച്ച സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു തുടങ്ങി. മികച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനതലത്തിൽ 5 ലക്ഷം രൂപയും ജില്ലാ തലത്തിൽ 1 ലക്ഷം രൂപയുമാണ് അവാർഡു തുക. മികച്ച ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും അവാർഡ് തുകയില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വർഷവും തെരഞ്ഞെടുപ്പ് നടത്തുന്നത്. സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങളാണ് മാനദണ്ഡത്തിലുൾപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 2002-03 വരെ നൽകിയിട്ടുണ്ട്. 2003-04-ലെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡു തുക വിതരണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് കണ്ടെത്തിയ ക്രമക്കേടുകൾ

122. [889] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച എത്ര കേസുകളാണ് ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ടെത്തിയിട്ടുള്ളത് ;

† അനുബന്ധം VIII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്ര കേസുകൾ തീർപ്പ് കൽപ്പിച്ചു ;

(സി) അതിൻപ്രകാരം സർക്കാർ തലത്തിൽ ശിക്ഷണ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അവരുടെ തസ്തികകൾ ഏതൊക്കെയാണെന്നും അവരിൽ ആരൊക്കെ ഇപ്പോഴും സർക്കാർ സർവ്വീസിൽ തുടരുന്നു എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

പുരുഷ സ്വയംസഹായ സംഘങ്ങൾ

123. [890] ശ്രീ. എം.എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനാതിർത്തികൾക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന വനിതാ സ്വയം സഹായസംഘങ്ങൾക്ക് ത്രിതല പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുപോലെ ഇപ്പോൾ രൂപീകരിച്ചു വരുന്ന പുരുഷ സ്വയംസഹായ സംഘങ്ങൾക്കും ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം കൂടെ പരിഗണിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

സി.എച്ച്. സ്മാരകം

124. [891] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സി.എച്ച്. സ്മാരക നിർമ്മാണത്തിനായി അനുവദിച്ച സ്ഥലത്ത് സി.എച്ച്. സെന്റർ എന്ന പേരിൽ വ്യാപാര സമുച്ചയം നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) സി.എച്ച്. സ്മാരകം പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടാൻ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly